# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *481 | 19.11.2019 ൽ മറുപടിക്ക്.

### ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.ബി.സത്യൻ<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ ഈ വർഷം പതിനാറായിരം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ പുതുതായി തുടങ്ങി അതുവഴി അര ലക്ഷത്തിലധികം പേർക്ക് തൊഴിൽ നൽകണമെന്ന ലക്ഷ്യത്തോടെ ചെയ്തു വരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | എ 2019 -20 ലെ ബഡ്ജറ്റിൽ ഈ വർഷം ആകെ 1550 കോടി രൂപ മൂലധന നിക്ഷേപമുള്ള 16000 സൂക്ഷ്മ, ചെറുകിട, ഇടത്തരം, സംരംഭങ്ങൾ സൃഷ്ടിക്കുവാനും അതുവഴി 55000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി 31/10/2019 വരെ 772.92 കോടി രൂപ നിക്ഷേപത്തിൽ 7888 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭങ്ങളിലൂടെ 27048 പേർക്ക് തൊഴിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിലൂടെ 382 സംരംഭകർക്ക് 24.50 കോടി രൂപ നിക്ഷേപ സബ്സിഡി ആയി 2019 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ അനുവദിച്ചിട്ടുണ്ട്.<br>വ്യവസായ സംരംഭകർക്കായി നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• വ്യവസായ വളർച്ചയിൽ മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തുക എന്ന ലക്ഷ്യം മുൻനിർത്തി കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി' ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' പദ്ധതി നടപ്പിലാക്കി വരുന്നു.<br>• വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം 'കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് |

ട്രാൻസ്പേരൻസി)' 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. ഇതുവഴി അനുമതികൾക്കായി അപേക്ഷിക്കേണ്ടതായ പതിനഞ്ചോളം വകുപ്പുകൾ/ഏജൻസികൾ എന്നിവിടങ്ങളിലേക്ക് നേരിട്ട് അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുവാനുള്ള കാലതാമസവും, ബുദ്ധിമുട്ടും ലഘൂകരിക്കാൻ സാധിക്കും. പ്രസ്തുത സംവിധാനം ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതിയെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്താൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെകുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 'ഇൻവെസ്റ്റ് കേരള പോർട്ടൽ' സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.
- യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ

| | | | |
|---|---|---|---|
| | | | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും; മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിച്ചു വരുന്നു. |
| ബി | വ്യവസായങ്ങൾ തുടങ്ങി മൂന്നു വർഷത്തിനകം അനുമതി നേടിയാൽ മതിയെന്ന മാതൃകാപരമായ നിയമം ചെറുകിട വ്യവസായ രംഗത്ത് ചുവപ്പുനാട ഒഴിവാക്കി വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി | സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുവഴി നിക്ഷേപവും, വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായി പത്ത് കോടി രൂപ വരെ മുതൽ മുടക്കുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന്, മൂന്ന് വർഷത്തെ ഇളവ് അനുവദിക്കുന്ന 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ' ഈ സഭാ സമ്മേളന കാലയളവിൽ ബില്ലായി അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതോടെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് മൂന്ന് വർഷത്തേയ്ക്ക് ഇളവ് ലഭിക്കുന്നതാണ്. |
| സി | ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള സിഡ്കോയുടെ പ്രവർത്തനം കാര്യക്ഷമമാണോ; വ്യക്തമാക്കുമോ; | സി & ഡി | സിഡ്കോയുടെ അധീനതയിൽ 17 മേജർ വ്യവസായ എസ്റ്റേറ്റുകൾ, 36 മിനി വ്യവസായ എസ്റ്റേറ്റുകൾ, 7 വ്യവസായ പാർക്കുകൾ എന്നിവ ഉൾപ്പെടെ ആകെ 60 എസ്റ്റേറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ യൂണിറ്റുകളുടെ കൈമാറ്റത്തിലൂടെയും മറ്റും ആകെ 350-ഓളം തൊഴിലവസരങ്ങൾ |

| | | |
|---|---|---|
| ഡി | സിഡ്കോയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രാവലോകനം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ? | സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചെറുകിട വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ സർക്കാർ സഹായത്തോടെയും അനുബന്ധ ഭൂമി അനുവദിച്ചതു വഴി ലഭിച്ച തുകയുടെ 50% തുക ഉപയോഗിച്ചും നടന്നു വരുന്നു. വ്യവസായികൾക്ക് അനുവദിച്ച് വരുന്ന ഷെഡ് / ഭൂമിയ്ക്ക് സെയിൽ ഡീഡ് നൽകി വരുന്നു. മതിയായ കാരണങ്ങളാൽ പ്രവർത്തനരഹിതമായ യൂണിറ്റുകൾ യോഗ്യരായ വ്യവസായികൾക്ക് കൈമാറ്റം ചെയ്ത് നൽകി വരുന്നു. ആയതിലൂടെ പുതിയ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് കഴിയും.<br>ചെറുകിട വ്യവസായ മേഖലയിലെ സിഡ്കോയുടെ പ്രവർത്തനത്തിലൂടെ 3332 ഓളം പുതിയ തൊഴിലവസരങ്ങൾ പ്രത്യക്ഷമായി ചെറുകിട വ്യവസായ മേഖലയിൽ സൃഷ്ടിക്കുന്നതിനും ഇതിലൂടെ 145 കോടി രൂപയുടെ മൂലധന നിക്ഷേപം നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ